# CHURCH VOICE

## C.S.I. MATEER MEMORIAL CHURCH

Vol. 22 No.06-07 Newsletter June-July 2024



"നീ പത്രൊസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും;
പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല" (മത്തായി 16:18)



Rt. Rev. Dr. Royce Manoj Victor

Bishop-in-charge

CSI South Kerala Diocese

## CHURCH VOICE

22nd year of publication

JUNE-JULY 2024

**CHIEF EDITOR**

Rev. D. Jacob
(President)

**PRESBYTERS**

Rev. P. Thangaraj

Rev. Shiju R. Das

**ADDRESS**

The Chief Editor
Church Voice
M.M. Church
LMS Compound
Trivandrum

Articles/Feedback
may be sent to

churchvoice@gmail.com
Mob: 9037819570

Church Voice can be
read online at our website

www.mateermemorialchurch.com

**PRINTED AT**

**GRACE PRINTERS**
**Muttada. Ph: 9447059891**


# CSI MATEER MEMORIAL CHURCH

## Regular Weekly Programme

| | | |
|---|---|---|
| Week Days | Morning Worship (Monday-Saturday) | 07.00am |
| | Online Evening Prayer (Monday-Saturday) | 08:00pm |
| Sun | Malayalam Service | 06:00am |
| | Tamil Service | 07.00am |
| | Malayalam Service | 08:30am |
| | English Service | 10:30am |
| | Malayalam Service | 04:15pm |
| | Sunday School | 10.30am |
| | Men's Fellowship | 10:30am |
| | Women's Fellowship | 10:30am |
| | Christian Endeavour Youth Fellowship | 11:30am |
| | BCL Union & JCF | 11.30am |
| | Choir Practice | 12.00noon |
| | Young Family Fellowship | 05:30pm |
| Mon | Vestry Prayer | 06.30pm |
| Tue | Circle Prayer | 06.30pm |
| Wed | Gospel Band Visit | 04:30pm |
| | Women's Fellowship | 04.30pm |
| Thu | Senior Citizens' Fellowship | 04.30pm |
| Fri | Circle Prayer | 06:30pm |
| Sat | Fasting Prayer (2nd Sat) | 10:00am |
| | Choir Practice | 05.00pm |



## FROM THE PRESBYTER'S DESK



ക്രിസ്തുവിൽ സ്നേഹമുള്ളവരേ,

നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നമുക്ക് ജയം നൽകുന്ന ദൈവത്തിനു സ്തോത്രം (1 കൊരി. 15:57). തെരഞ്ഞെടുക്കപ്പെട്ട ജാതിയും രാജകീയ പുരോഹിത വർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവുമായ നമുക്ക് എം.എം. ചർച്ചിൽ ഒരുമിച്ച് ആരാധിക്കാൻ സഭയുടെ നാഥനായ ദൈവം അവസരം ഒരുക്കിയിരിക്കുന്നു. മനുഷ്യന്റെ കണക്കുകൂട്ടലുകൾ പലതും തെറ്റുമ്പോൾ ദൈവപ്രവൃത്തി വെളിപ്പെട്ടുവരും. ദൈവാലയം! അനേകർക്ക് ദൈവാനുഭവം ഉണ്ടായ ഇടം. അനേകരെ രൂപപ്പെടുത്തിയ ഇടം. വ്യക്തിത്വ രൂപീകരണത്തിൽ നിർണ്ണായക പങ്കുവഹിച്ച കൂട്ടായ്മകൾ. നമ്മിൽ അനേകർ ജനിച്ച് വളർന്ന് വലുതായ, നമ്മെ വലിയവരാക്കിയ എം.എം. ചർച്ച്. പറഞ്ഞു തീരാത്ത ദാനം നിമിത്തം ദൈവത്തിനു സ്തോത്രം.

ഉണർവും ജാഗ്രതയുമുള്ളവരായിരിക്കാൻ ദൈവവചനം ആവർത്തിച്ച് ഉദ്ബോധിപ്പിക്കുന്നു. ഉണർന്നിരിക്കുക എന്ന ദൈവീക ആഹ്വാനം ഗൗരവമേറിയതായി കാണണം. ഭരമേല്പിക്കപ്പെട്ട ഉത്തരവാദിത്വം വിശ്വസ്തതയോടെ നിറവേറ്റണം. അത് ഉദാസീനതയോടു കൂടി ചെയ്യാനുള്ളതല്ല. വിശ്വസ്തതയോടും സമർപ്പണത്തോടും ചെയ്യുമ്പോൾ ദൈവാനുഗ്രഹം ഉണ്ടാകും. അധികാരത്തിന്റെ പ്രബലത സജീവമാകുന്ന ജീവിത പരിസരങ്ങളിലാണ് നാം ജീവിക്കുന്നത്. പരിചാരകരും പരിവാരങ്ങളും സൃഷ്ടിക്കുന്ന ശുശ്രൂഷയിടങ്ങളിൽ നിന്നും വേറിട്ട ഭാവമാണ് ക്രിസ്തു സ്വീകരിച്ചതും നമ്മെ പഠിപ്പിച്ചതും. അധികാരവും അതു സൃഷ്ടിക്കുന്ന ആധിപത്യവും ലോകത്തിന്റെ നേതൃത്വ ശൈലിയെ പ്രതിനിധാനം ചെയ്യുമ്പോൾ ക്രിസ്തുശിഷ്യർ താഴ്മയുടെയും ദാസ്യത്തിന്റെയും ശുശ്രൂഷകരായിരിക്കണം. കർത്താവിന്റെ പീഡാനുഭവത്തിലും മരണത്തിലും പങ്കാളികളാകുന്നവർക്കു മാത്രമേ അവന്റെ മഹത്വത്തിൽ പങ്കുകാരാകാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് അവൻ തക്കസമയത്തു നിങ്ങളെ ഉയർത്താൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴ് താണിരിപ്പിൻ. അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെമേൽ ഇട്ടുകൊൾവിൻ (1 പത്രൊ. 5:6,7).

സസ്നേഹം,
**ജേക്കബച്ചൻ**

# REPORT OF ACTIVITIES
# MAY & JUNE 2024

Dear friends in Christ,

Greetings in the matchless name of our Lord and Savior Jesus Christ.

By the grace of God Almighty, regular worship services were conducted on all Sundays, led by our presbyters.

Rev. D. Jacob took charge as the presbyter in charge of Mateer Memorial CSI Church on 6th May 2024. We welcome Jacob achen once again to the MM Church family.

186th congregation day of our Church was celebrated on Sunday, 12th May 2024. Combined service was conducted at 8:30am. Rev. Anilal M. Jose was the chief guest for the celebration. Love feast was organized at TJM Hall. In connection with the congregational day celebration, convention was conducted from 5th to 11th May at 6:30 pm. Sermons were delivered by our Church members.

All the regular meetings and worship services were conducted as usual. Morning devotion was conducted from Monday to Saturday at 7:00 am. Vestry Prayer was organized on all Mondays at 6:30pm. Circle prayers were conducted on Tuesdays and Fridays at 6:30pm, Gospel Band visits were held on Wednesdays at 4:00pm and Fasting prayer was organized on all second Saturdays.

The activities of our sub organizations were organized prayerfully. Men's Fellowship and Sunday school classes were conducted at 10:30am, followed by CEYF, BCL and JCF. Women's fellowship met for worship on Sundays at 10:30am and Wednesdays at 4:30pm. SCF meeting was conducted on Thursdays at 4:30pm.

Teens camp was organized by CEYF at JMM Study Center, Mannanthala from 5th to 8th May 2024. Sri Bensic Miranda served as the main speaker. 45 teenagers from our Church participated in the camp. YFF conducted an outdoor worship on 30th June 2024 at Linta's Golden Beach Ayurvedic Resort, Menamkulam. The worship was lead by Rev. D. Jacob.

Our Church members together cleaned our cemetery on 16th and 23rd May, which was another experience of unity and fellowship.

May God our Father and the Lord Jesus Christ give us all grace and peace.

"Whoever goes to the LORD for safety, whoever remains under the protection of the Almighty, can say to Him, You are my defender and protector. You are my God; in you I trust." - Psalm 91:1,2



## പ്രതിവാര ധ്യാനം

**ജൂലൈ 7**

**കാര്യവിചാരകത്വം : സുതാര്യതയും ഉത്തരവാദിത്വവും**

പുറ. 36:2-7, സങ്കീ. 116:12-19, ഫിലി. 4:10-20, ലൂക്കൊ. 19:11-27

**ജൂലൈ 14**

**ദൈവശാസ്ത്ര വിദ്യാഭ്യാസം : വിശ്വാസത്തിന്റെ അറിവും പ്രവൃത്തിയും**

പുറ. 3:1-12, സങ്കീ. 111, 2 തിമൊ. 2:1-13, യോഹ. 12:20-26

**ജൂലൈ 21**

**പട്ടത്വശുശ്രൂഷ : ക്രിസ്തുവിന്റെ മുറിവുകളാൽ അടയാളപ്പെടുത്തിയത്**

1 ശമു. 22:12-23, സങ്കീ. 56, ഗലാ. 6:11-18, യോഹ. 21:15-19

**ജൂലൈ 28**

**വിവാഹത്തെ മാനിക്കുക**

മലാഖി 2:13-16, സങ്കീ. 45, 1 കൊരി. 13:1-14:1, മർക്കൊ. 10:2-9



# FORGET NOT TO REMEMBER...!

- Dr. Christenson E. Sarasam

Memory is installed in human brain so that men and women shall not forget the insurmountable work of God in their lives. Immersed in casualness, carelessness and worldliness, we Christians easily ignore, neglect and forget the important interventions of God.

**(1) Remember the Past :** During the 40 years toil and travel, God provided the children of Israel with protection, food, health, honey, olive oil, cheese, milk, fat, wheat and wine till they reached the Promised Land flowing with milk and honey. But, these thankless people forgot everything. So, Moses through a song: “Remember a time long ago” admonishes them to evoke their minds and clearly remember the hand of God in their lives (Deuteronomy 32:7). Let us also plead the Lord for our forgetfulness and bleak memories of the gentle and immediate touch of God in the past and thank Him for His unfailing faithfulness.

**(2) Remember the Lord’s day :** The wilderness experience of the Israelites taught them many lessons. Heavenly manna was ushered on them on all the days of the week except on the worship day (Exodus 20:8). Therefore, they observed the worship day diligently, holy and acceptable to the Lord. Whereas in the modern world, Christians rush to the church on Sunday, spend a few hours piously and get away to attend to all sundry items of work for the rest of the day. Let us realise our shortcomings and stick on to the inherent practices of our ancestors.

**(3) Remember the poor and needy :** It is well written in the 25th chapter of Matthew’s gospel that our final judgement will be according to the treatment we mete out to the poor around us. When we are called to be generous to the poor, we cannot just rest content with outward sympathy, but have to jump into action expressing our solidarity and empathy.

Modern day Christians have gradually become insensitive, intolerant and selfish. The Epicurean philosophy of 'eat, drink and be merry' has infiltrated into the very process of normal thinking and practical living. The sad status is that we have lost our first love. There was a time when we profoundly propelled our emotions declaring that 'every day with Jesus is sweeter than the day before'. To maintain vertical relationship with God, we are regular to worship and fellowship. But, the crux of horizontal relationship in observing "Love your neighbour as yourself'" found in Romans 13:9 is blindly forgotten.

Let us all with one accord, come out of our closed cages and comfort zones, hold on to the mighty hand of God, capture the divine vision and excel in the mission mandate provided for each one of us.

***"Take my love: my Lord, I pour***
***At Thy feet its treasure store***
***Take myself; and I will be***
***Ever, only, ALL for Thee"***

**Why Partiality?**

For academic studies we don't look
for simple subjects
but eagerly pursue any course,
however tough,
just to climb the ladder of
excellence for earning.
Why then do we desire only
"milk," not "meat," in spiritual matters?
(Heb. 5:12-14).
Why crave for simple sermons
instead of strong teaching?
(2 Tim. 4:2-4).
Would God endorse this partiality? (Hos. 8:12).

# PERSISTENT PRAYER

Meehal Godwin



Old Testament talks about what we have to do and what will happen if we don't do them- we have laws and punishments. But New Testament is about the privileges we have and how foolish it would be not to use them. It's not about what we have to do but how foolish not to…Most of us pray regularly. But when was the last time we thought how amazing it is to speak to God?

**He not only listens to our prayers**
**He wants to hear our prayers**
**Does that not excite us?**

Prayer should never become a chore. Should we not be excited to speak to the creator God constantly. Prayer is the greatest relationship and moment to talk to the King of Kings and Lord of Lords. Prayer is not an obligation. It should come as a result of our deep rooted love for God. God called Moses to come up so that He could speak to Him. Others had to wait down. Moses went into the tent of meeting and pillar of cloud would descend. The Lord spoke to Moses face to face.

Exodus 26 is the main chapter in the Bible where we read a lot about curtains… 24 times we read the word curtain in one chapter.

But here is the gist… after the exodus and the giving of the law, God called his people and particularly his priests and gave instructions to build for him a tabernacle. The idea was to have a place where God and his people could meet. The High Priest who would make a sacrifice once a year on the Day of Atonement and then be able to enter into the holy of holy's. So this amazing curtain is made to separate the presence of God from the people of God.

Then to Jesus and in the moment of his death on the cross, where the perfect Son of God has shed his blood for us…

We read that the temple curtain was torn in two! The barrier between us and God is broken down…We now have access to our Heavenly Father. Hebrews 9:26 puts it this way; "Jesus has appeared once for all at the culmination of the ages to do away with sin by the sacrifice of himself." The result of that is (again) Hebrews 10:19

"we have confidence to enter the Most Holy Place by the blood of Jesus". Access is granted!

That is why our worship today has less to do with making sacrifices and atonement… and more to do with praising Jesus for what He has done and glorifying Him Now we can speak to Him directly. How exciting? Are we speaking to Him? If not, why?

In Luke 11 and 18 Jesus tells parables to show how we should pray always and not give up. In Luke 11 after Jesus teaches about how to pray, He decided to teach them more about prayer and there He talks about persistence.

Firstly, Jesus says, "Ask and it will be given to you" -

**PETITIONING PRAYER**

Asking seems to be about the kind of petition where you know the will of God. And Jesus says, in these situations, ask your Heavenly Father for these things and He will give them to you may be a good example is wisdom? There is so much wisdom in the Sermon on the Mount, there is so much wisdom in the Book of Proverbs. .And it reveals the will of God… so we ask for these things and it says we will be given it. Right? James 1:5 "If any of you lacks wisdom, you should ask God, who gives generously to all without finding fault, and it will be given to you. That's a good prayer… then when we have received it, put it into practice.

Secondly, Jesus says. "seek and you will find." -

## PURSUING PRAYER

And this seeking seems to refer to a pursuing prayer, we are unsure of the will of God and so we seek an answer. We pursue with God what we are wanting to find. And Jesus says in this kind of prayer, if we seek an answer from God you will find one. You know the Bible won't tell you who exactly to marry, or where to move to, or what career you should pursue…if we seek God's will on these things, if we include him in the conversation, we will find the best way from Him.

Thirdly, Jesus says, "knock and the door will be opened to you."

## PERSISTENT PRAYER

<u>And so if asking is petitioning prayer, seeking is pursuing prayer, then we can call this persistent prayer.</u> This is where we feel we know the will of God, but we haven't seen it or received it yet, and so you are persistent in your prayer. And this probably is the hardest prayer to stick to, and believe in, and to keep on.

Prayer is indisputably one of the greatest-and most under-utilized-weapons we have at our disposal. Jesus knew this. That's why He told His disciples about another parable where a certain widow who persisted in prayer. We learn from this parable three essential elements of persistent prayer.

## I. PERSISTENT PRAYER IS PERSISTENT

Verse 3 states that "a widow...kept coming." This story has two primary characters, the widow and the judge. The judge was heartless, fearing neither God nor man. A poor widow came to the judge seeking justice. She had no clout, no powerful lawyer, and no money to grease the wheels of justice. She seemed completely helpless against her adversary. She could not count on a fair ruling from this unjust judge. The only weapon at her disposal was persistence.

God wants us to persist in prayer. The band of Jesus' followers praying in the upper room at Pentecost kept praying until God's power came. The widow would not have got justice if she had not persisted. We must persist in prayer.

## II. PERSISTENT PRAYER IS INSISTENT

Verse 3 also says that the widow kept coming to him with this plea, "Grant me justice against my adversary." This scene was probably different from the orderly courtroom of today. It must have been unruly and noisy, with mass of people pushing and shoving. Everyone trying to outshout the others to get the judge's attention. The widow was so insistent and persistent that the judge granted her plea.

We must keep our prayers going up to God with this same determination. God rejoices in our insistence. He wants us to pray and not to give up. This is one of His ways of releasing His power in our lives.

## III. PERSISTENT PRAYER IS CONSISTENT

Verse 5 says: "this widow...will...eventually wear me out with her coming. The widow kept coming every day-repeatedly, consistently coming. Finally, the judge relented, only because the widow had become an unbearable nuisance. We must pray without giving up. We have a prayer answering God. Waiting patiently for us to talk. So persistent prayer needs to be persistent, insistent and consistent to be effective.

This is a parable of contrasts, not comparisons. Jesus said that our Heavenly Father is not like the unjust judge (v. 7). If this godless, corrupt judge would respond to the widow because of her constant persistence, how much more will our loving God will respond to our prayers? He will not jump every time we ask Him for something. He may want to see if we will continue faithfully in our prayers and our obedience to Him matters a lot. People are discouraged because we are not praying persistently. If we pray persistently we will not encounter discouragement. Pray or give up - you may be doing one of this at every phase of your life. God wants to hear and answer our prayers.

God says in 2 Chronicles 7:14 - “If my people, which are called by my name, shall humble themselves, and pray, and seek my face, and turn from their wicked ways; then will I hear from heaven, and will forgive their sin, and will heal their land”. Colossians 4:2 - “Devote

yourselves to prayer, being watchful and thankful.'' God wants to change us when we pray for a change in our circumstance - we need to surrender / yield. Ephesians 6:18 - And pray in the Spirit on all occasions with all kinds of prayers and requests. With this in mind, be alert and always keep on praying for all people.

If, as Thomas Edison tells us, genius is one percent inspiration and ninety-nine percent perspiration; it is also true that prayer is one percent insistence and ninety-nine percent persistence. Prayer is one percent insistence, to be sure; we do, in our prayers, tell God what we need. But the secret of prayer is that prayer is ninety-nine percent persistence. Prayer is staying by the stuff, prayer means banging on the gates of heaven until we are heard. "To pray is to enter the treasure house of God and to gather blessings out of an inexhaustible storehouse."

**കർത്താവിന്റെ പ്രവർത്തനം വിസ്മയകരം!**

സ്റ്റാച്ച് എന്ന മിഷനറി ഗ്രീൻലണ്ടിൽ 20 വർഷം കഠിനാദ്ധ്വാനം ചെയ്തു കടുത്ത എതിർപ്പുകളെ അഭിമുഖീകരിച്ചു. തന്റെ എല്ലാ പ്രവർത്തനങ്ങളും തെറ്റിദ്ധരിക്കപ്പെട്ടു. ആത്മാക്കളെ നേടുന്നതിനുള്ള തന്റെ ശ്രമങ്ങളൊക്കെയും അവജ്ഞയോടെ തള്ളപ്പെട്ടു. രണ്ടു ദശാബ്ദം അത്യദ്ധ്വാനം ചെയ്തു ഫലം ഒന്നും കാണാതെ ഒരു ദിവസം തന്റെ കുടിലിൽ ഇരുന്നുകൊണ്ടു യോഹന്നാന്റെ സുവിശേഷം മൂന്നാം അദ്ധ്യായത്തിൽ നിന്നു താൻ ഉച്ചത്തിൽ വായിക്കുകയായിരുന്നു. തന്നെ ഏറ്റവും ശല്യപ്പെടുത്തിയ എതിരാളി താൻ അറിയാതെ ഓരോ വാക്കും ശ്രദ്ധിക്കുന്നുണ്ടായിരുന്നു.

പെട്ടെന്നു അയാൾ കുടിലിനുള്ളിലേക്കു ചാടിക്കയറി ആ ഭാഗം വീണ്ടും വായിക്കുവാൻ ആവശ്യപ്പെട്ടു. അദ്ദേഹം അതു വായിച്ചു കൊണ്ടിരിക്കുമ്പോൾ അവൻ വിറച്ചു തുടങ്ങുകയും രക്ഷയ്ക്കുള്ള മാർഗ്ഗം കാണിച്ചുകൊടുക്കുന്നതിന് മിഷനറിയോടു ആവശ്യപ്പെടുകയും ചെയ്തു. മറ്റു ഹൃദയങ്ങളിലും പരിശുദ്ധാത്മാവു ക്രിയ ചെയ്യുകയും അനേകർ കർത്താവിനെ കണ്ടെത്തുകയും ചെയ്തു. **"എന്റെ ശത്രുക്കൾ മിത്രങ്ങളായി മാറി"** എന്നാണ് മിഷനറി പറഞ്ഞത്. ശൂന്യമാക്കുന്ന നമ്മുടെ സാഹചര്യങ്ങളിൽ കർത്താവു പ്രവർത്തിക്കുന്നതു ഇപ്രകാരമാണ്.

*പാട്ട്*

# "യേശുവേ നീ എൻ ആശ്രയം"



**S.R. ചന്ദ്രിക ജയദാസ്**

നീയേ എൻ ദൈവമേ, നീയേ എൻ കോട്ടയേ,
ആശ്രയം നീ ആശ്വാസം നീ, എന്നാളും ആലംബമേ
നീ എന്നാളും ആലംബമേ
കരുതും കരങ്ങളുണ്ട്, എൻ തണലായ് കൂടെയുണ്ട്
ഹൃദയം നാം അവനു നൽകാം, ആത്മാവിൽ ജാഗരിക്കാം
(ഹൃദയം) (നീയേ എൻ)
കരുണക്കായ് നാഥനുണ്ട്, സ്നേഹിക്കാൻ യേശുവുണ്ട്
അവനായ് നാം ജീവിച്ചീടാം, അവനിഷ്ടം എന്നും ചെയ്യാം
(അവനായ്) (നീയേ എൻ)
കണ്ണുനീരോടെ എന്നും വിതക്കാം, ആർപ്പോടെ എന്നും കൊയ്യാം
എന്നുമെന്നും അവനായ്തന്നെ, തൻകരങ്ങളിൽ സുരക്ഷിതരാകാം
(എന്നുമെന്നും) (നീയേ എൻ)
അവൻ കൃപയാലെന്നും നാം സുരക്ഷിതർ, തൻകൃപക്കായ് വാഞ്ചിച്ചീടാം
ആത്മരക്ഷ നാം പ്രാപിച്ചീടാം, തൻകൃപയാൽ വിശ്വാസത്താലെ
(ആത്മരക്ഷ) (നീയേ എൻ)

**മിഷനറി ഡോക്ടർ**

കോംഗോയിലെ മെഡിക്കൽ മിഷനറിയായിരുന്ന ഡോക്ടർ പോൾ കാൾസൻ, സിംബോണീസ് എന്ന കൊലസംഘത്താൽ 1964-ൽ കൊല്ലപ്പെട്ടു. ആ ക്രൂരമരണത്തിന് മുമ്പ് ഏതാണ്ട് ഒരു ലക്ഷം പേർക്ക് അദ്ദേഹം മാത്രമായിരുന്നു ഡോക്ടർ. രാവും പകലും രോഗികളെ ചികിത്സിക്കുകയും ശസ്ത്രക്രിയ നടത്തുകയും ചെയ്തുപോന്ന അദ്ദേഹം മാനസികത്തളർച്ച കൂടാതെ ഈ ഭാരിച്ച ജോലി എങ്ങനെ നിർവ്വഹിച്ചു? തിരുവചന ധ്യാനത്തിലും പ്രാർത്ഥനയിലും അദ്ദേഹവും ദൈവവുമായി അടുത്ത ബന്ധം പുലർത്തുകയും കൂട്ടായ്മ ആചരിക്കയും ചെയ്തിരുന്നു. തന്നെ കൊല ചെയ്തതിന്റെ തലേദിവസം തന്റെ പുതിയനിയമത്തിൽ അദ്ദേഹം ഒരു വാക്ക് എഴുതിയിരുന്നു - **"സമാധാനം!"**

# Cemetery Cleaning



Before After












# CEYF Teens Camp









# Gone, but not forgotten

14th Death Anniversary



# Dr. G. ARUL DHAS

Former Dean, Faculty of Science
Prof. & Head, (Retd.) Dept. of Physics, University of Kerala
A-76, Sharon, Kanaka Nagar, Trivandrum -3

Called to Eternal Glory on 16-07-2010

*By sorrowing family*

Wife : **Mrs. Myrtle Grace**

Children :

**Dr. Vinod & Dr. Anitha, Dr. Manoj & Dr. Bini, Dr. Ann & Dr. Suresh**

Grandchildren :

Dr. Nithin, Dr. Cerene, Tina, Dr. Zaneta,
Dr. Juana, Joshua, Tesiya, Lidya, Ezekkiel

Thy memories shall never fade

## 7th Death Anniversary

*In Ever loving Memory of*



**Mr. M. Vijayan**

Rtd. Internal Financial Adviser, ISRO, Bangalore

**Family No. 633**

**Called to Eternal Glory on 7th March -2017**

Inserted by

Wife, Children and Grandchildren

---

## Third Death Anniversary

*Gone but always in our hearts*



**Lalitha Grace Jayakumar**

Called to eternal glory on : 29-04-2021

Fondly remembered by

Husband S. Jayakumar, Son : Rajesh Jayakumar

Daughter : Nirmala Lal Jayakumar, Son-in-law : Lal Jayakumar

Grandchildren : Nithin Samuel Lal, Nevin Isaac Lal

†

# In loving memory of



# Vanajam Stalin

*22 June 1942 - 26 April 2023*

*Beloved wife, mother and grandmother*

# ആരാണ് ഭാഗ്യവാൻ

Nirmala Lal Jayakumar



- ദുഷ്ടന്മാരുടെ ആലോചനപ്രകാരം നടക്കാതെയും പാപികളുടെ വഴിയിൽ നിൽക്കാതെയും പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കാതെയും യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ചു അവന്റെ ന്യായപ്രമാണത്തെ രാപ്പകൽ ധ്യാനിക്കുന്നവൻ ഭാഗ്യവാൻ. (സങ്കീ. 1:1–2)
- യഹോവയെ ശരണം പ്രാപിക്കുന്നവരൊക്കെയും ഭാഗ്യവാന്മാർ. (സങ്കീ. 2:12)
- യഹോവ ദൈവമായിരിക്കുന്ന ജാതിയും അവൻ തനിക്കു അവകാശമായി തിരഞ്ഞെടുത്ത ജനവും ഭാഗ്യമുള്ളതു. (സങ്കീ. 33:12)
- യഹോവയെ തന്റെ ആശ്രയമാക്കിക്കൊള്ളുകയും നിഗളികളെയും വ്യാജത്തിലേക്കു തിരിയുന്നവരെയും ആദരിക്കാതിരിക്കയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാൻ. (സങ്കീ. 40:4)
- എളിയവനെ ആദരിക്കുന്നവൻ ഭാഗ്യവാൻ. (സങ്കീ. 41:1)
- നിന്റെ യഹോവയുടെ ആലയത്തിൽ വസിക്കുന്നവർ ഭാഗ്യവാന്മാർ. (സങ്കീ. 84:4)
- ബലം നിന്നിൽ ഉള്ള മനുഷ്യൻ ഭാഗ്യവാൻ. (സങ്കീ. 84:5)
- നിന്നിൽ (യഹോവയിൽ) ആശ്രയിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ. (സങ്കീ. 84:12)
- നീ (യഹോവ) ശിക്ഷിക്കയും നിന്റെ ന്യായപ്രമാണം നീ ഉപദേശിക്കയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാൻ. (സങ്കീ. 94:13)
- ന്യായത്തെ പ്രമാണിക്കുന്നവരും എല്ലായ്പ്പോഴും നീതി പ്രവർത്തിക്കുന്നവനും ഭാഗ്യവാന്മാർ. (സങ്കീ. 106:3)

- യഹോവയെ ഭയപ്പെട്ടു, അവന്റെ കല്പനകളിൽ ഏറ്റവും ഇഷ്ടപ്പെടുന്ന മനുഷ്യൻ ഭാഗ്യവാൻ. (സങ്കീ. 112:1)
- യഹോവയുടെ ന്യായപ്രമാണം അനുസരിച്ചു നടപ്പിൽ നിഷ്കളങ്കരായവർ ഭാഗ്യവാന്മാർ. (സങ്കീ. 119:1)
- അവന്റെ സാക്ഷ്യങ്ങളെ പ്രമാണിച്ചു പൂർണ്ണ ഹൃദയത്തോടെ അവനെ അന്വേഷിക്കുന്നവർ ഭാഗ്യവാന്മാർ. (സങ്കീ. 119:2)
- യഹോവയെ ഭയപ്പെട്ടു, അവന്റെ വഴികളിൽ നടക്കുന്ന ഏവനും ഭാഗ്യവാൻ. (സങ്കീ. 128:1)
- യഹോവ ദൈവമായിരിക്കുന്ന ജനം ഭാഗ്യമുള്ളതു തന്നെ. (സങ്കീ. 144:15)
- ദൈവം ശാസിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ. (ഇയ്യോ. 5:17)
- ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ.
- ദുഃഖിക്കുന്നവർ ഭാഗ്യവാന്മാർ.
- സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ.
- നീതിക്കു വിശന്നു ദാഹിക്കുന്നവർ ഭാഗ്യവാന്മാർ.
- കരുണയുള്ളവർ ഭാഗ്യവാന്മാർ.
- ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ.
- സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ.
- നീതി നിമിത്തം ഉപദ്രവിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ.

(മത്തായി 5:3-10)

*During difficult times*
*hold on to Jesus*



# അനുഭവസാക്ഷ്യം

J. Danabai

*"നാം ഭയപ്പെടുമ്പോൾ നമ്മോടുകൂടെ ഇരുന്ന് നമ്മെ സഹായിക്കുന്ന ദൈവം"*

*"നീ ഭയപ്പെടേണ്ടാ, ഞാൻ നിന്നോടുകൂടെ ഉണ്ട്. ഭ്രമിച്ചു നോക്കണ്ടാ; ഞാൻ നിന്റെ ദൈവം ആകുന്നു. ഞാൻ നിന്നെ ശക്തീകരിക്കും; ഞാൻ നിന്നെ സഹായിക്കും; എന്റെ നീതിയുള്ള വലങ്കൈ കൊണ്ട് ഞാൻ നിന്നെ താങ്ങും" (യെശയ്യാവ് 41:10).*

*"യഹോവയായ ഞാൻ നിന്റെ വലങ്കൈ പിടിച്ച് നിന്നോടു: ഭയപ്പെടേണ്ട ഞാൻ നിന്നെ സഹായിക്കും എന്നു പറയുന്നു".*
*(യെശയ്യാവ് 43:5) - "ഭയപ്പെടേണ്ടാ; ഞാൻ നിന്നോടുകൂടെ ഉണ്ട്".*

1969-ൽ ഞാൻ പാലക്കാട് അഡീഷണൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോർട്ടിൽ ഹെഡ് ക്ലർക്ക് ആയി ജോലി ചെയ്യുന്ന അവസരത്തിൽ തിരക്കുള്ള ഒരു ദിവസം ഓഫീസിൽ നിന്നിറങ്ങാൻ രാത്രി വളരെ വൈകി. എനിക്ക് കൂട്ടിനായി ഓഫീസിൽ ഉണ്ടായിരുന്ന പ്യൂണും ഞാനുമായി ഓഫീസ് പൂട്ടി സിവിൽ ലൈനിലെ കോർട്ട് കോംപ്ലക്സിന്റെ രണ്ടാം നിലയിൽ നിന്ന് സ്റ്റെപ്പ് ഇറങ്ങി താഴെ വന്നു. എന്റെ കൂടെ ഉണ്ടായിരുന്ന പ്യൂൺ അയാളുടെ വീട്ടിലേക്കു പോയി.എനിക്ക് പോകേണ്ട റോഡിലേക്ക് ഞാൻ നടക്കുമ്പോൾ, പെട്ടെന്ന് കറണ്ട് പോയി. സിവിൽ ലൈനും ആ പ്രദേശവുമെല്ലാം കൂരിരുട്ടിലായി. അന്ന് കറുത്തവാവു ദിവസം ആയിരുന്നു. എനിക്ക് പോകേണ്ട വഴിയുടെ വലതുവശത്ത് പാലക്കാട്ടെ ടൗണിലെ സി.എസ്.ഐ. മാർത്തോമ്മ, യാക്കോബ മുതലായവരുടെ സെമിത്രി കോമ്പൗണ്ട് ആണ്.

സ്വതവെ ഭയം ഉള്ള ഞാൻ കുറ്റാകുറ്റ് ഇരുട്ടിൽ അതുവഴി നടക്കുമ്പോൾ ഭയം കൊണ്ട് എന്റെ കാലുകൾ മരവിച്ച് മുമ്പോട്ട് പോകാൻ വളരെ പ്രയാസപ്പെട്ടു. **ഞാൻ പുറകോട്ട് നോക്കിയപ്പോൾ ഇരുട്ടിലൂടെ വെള്ള വസ്ത്ര ധാരിയായ ഒരാൾ പിൻതുടർന്നു വരുന്നതുകണ്ട് ഞാൻ ഭയപ്പെട്ടു മുന്നോട്ടോടി.** അപ്പോൾ അയാളും നടത്തത്തിനുവേഗം കൂട്ടി. കുറച്ചു കൂടെ മുമ്പോട്ട് പോയാൽ പാലക്കാട് കോട്ടയെ ചുറ്റിപോകുന്ന ഒരു ബൈ-റോഡിലാണ് എത്തുന്നത്. ഞാൻ നോക്കിയപ്പോൾ ആ റോഡിലൂടെ രണ്ടുപേർ നടന്നു പോകുന്നതു കണ്ടു. അവർ എന്നെ കണ്ടില്ല. എങ്കിലും ധൈര്യം സംഭരിച്ച് "ജോർജ്ജേ" എന്നു

ഞാൻ ഉറക്കെ വിളിച്ചു. ഉടനെ അവർ അവിടെ നിന്നു. അതിൽ ഒരാൾ ഞാൻ പേര് വിളിച്ച ജോർജ്ജ് എന്ന എന്റെ ഒരു സഹപ്രവർത്തകനായിരുന്നു. സാറെന്താ ഇത്രയും താമസിച്ചതെന്നു ചോദിച്ച് അവർ എന്റെ അടുത്തുവന്നു. കൂടെ ഉണ്ടായിരുന്ന ആളിനോട് ''നീ പൊയ്ക്കോ", **ഞാൻ സാറിനെ ഹോസ്റ്റലിലാക്കിയിട്ട് വരാം എന്നു പറഞ്ഞ്, ഞാൻ താമസിച്ചിരുന്ന ടൗണിലുള്ള ഹോസ്റ്റലിൽ ജോർജ്ജ് എന്നെ കൊണ്ടാക്കിയിട്ടാണ് പോയത്.** ജോർജ്ജിന്റെ വീട്ടിലേക്കു പോകേണ്ടതു വേറൊരു വഴിയേ ആണ്. എന്നാൽ അയാൾ ഓഫീസിൽ നിന്നിറങ്ങി ടൗണിൽ എന്തോ ആവശ്യത്തിനു വരുമ്പോൾ വഴിക്കുവച്ചു കൂട്ടുകാരനെ കണ്ട് അയാളുടെ കൂടെ സംസാരിച്ചുകൊണ്ട് കൂട്ടുകാരനു പോകേണ്ട കോട്ട മൈതാനത്തെ ബൈ-റോഡ് വഴി വരുകയായിരുന്നു.

എനിക്കുവേണ്ടിയുള്ള ദൈവത്തിന്റെ കരുതൽ ആയി ഞാൻ ഈ സംഭവത്തെ കാണുന്നു. ജീവിതത്തിൽ ഉടനീളം എന്റെ കൂടെ ഇരുന്ന്, ഞാൻ ഭയപ്പെടുമ്പോൾ "നീ ഭയപ്പെടേണ്ട, ഞാൻ നിന്റെ കൂടെയുണ്ട്" എന്നു പറഞ്ഞ് ധൈര്യപ്പെടുത്തി എന്റെ വലങ്കൈ പിടിച്ച് എന്നെ സഹായിച്ചു നടത്തുന്ന എന്റെ ദൈവത്തിന്റെ കരുതൽ ഓർത്ത് അന്നും ഇന്നും എല്ലാ കാലങ്ങളിലും ഞാൻ ദൈവത്തിനു കോടാനുകോടി സ്തോത്രം കരേറ്റുന്നു.

## CONGRATULATIONS



**Dr. Merrin R S** w/o Mr. Rajesh M Das, 'SHARON', TC 29/2019, Thycaud, Trivandrum (Family No: 2243) was successfully awarded the Doctor of Philosophy (Ph.D) in English literature on 2nd December 2023 by Karunya Institute of Technology and Sciences, Coimbatore for her thesis: "Transformation: A Psychological Analysis of the Select Characters of Khaled Hosseini."


A. Livingstone

ഭക്തിഗാനങ്ങൾക്ക് പിന്നിൽ

## BURDENS ARE LIFTED AT CALVARY

Rev. John M. Moore (1925-2017)

Days are filled with sorrow and care
Hearts are lonely and dear
Burdens are lifted at Calvary,
Jesus is very near.

Burdens are lifted at Calvary,
Calvary, Calvary;
Burdens are lifted at Calvary,
Jesus is very near.

Cast your care on Jesus today
Leave your worry and fear;
Troubled soul the Saviour can see
Every heartache and tear.

കാനഡയിൽ ബാപ്ടിസ്റ്റ് സഭയിലെ ഒരു ശുശ്രൂഷകനായ റവ. ജോൺ എം. മൂർ ഒരു സംഗീതജ്ഞനും സുവിശേഷ ഗാനരചയിതാവും കൂടിയാണ്. ഈ ഗാനം രചിച്ചതിന്റെ സാഹചര്യം അദ്ദേഹം തന്നെ പറയുന്നതിപ്രകാരമാണ്. തന്റെ ജീവിതാനുഭവത്തിൽ ഉയർന്നുവന്ന വരികളാണിവയെന്നാണ്.

ഒരു പ്രശസ്ത കപ്പൽ വ്യാപാര കമ്പനി സെക്രട്ടറി ഒരു ഫോൺ സന്ദേശത്തിലൂടെ അദ്ദേഹത്തോട് ഒരഭ്യർത്ഥന നടത്തി. ഗ്ലാസ്ഗോയിലെ ഒരാശുപത്രിയിൽ ഒരു കപ്പൽ ജോലിക്കാരൻ അത്യാസന്ന നിലയിൽ കുഴിയുന്നുവെന്നും ആ രോഗിയെ സന്ദർശിക്കണമെന്നുമായിരുന്നു. മൂർ ആ രോഗിയായ യുവനാവികനെ സന്ദർശിച്ചു. അപ്പോൾ ഒരു ലഘുലേഖയ്ക്കായി ബാഗിൽ തപ്പിയപ്പോൾ കിട്ടിയത് പരദേശി മോക്ഷ യാത്രയെപ്പറ്റിയുള്ളതായിരുന്നു. രോഗിയായ നാവികനെ അത് കാണിച്ച് ചുരുക്കമായി അതിലുള്ള കഥ പറഞ്ഞു കേൾപ്പിച്ചു. കൂടെ

പരദേശിയുടെ അനുഭവം തന്റെയും അനുഭവമാണെന്നും പറഞ്ഞു. മോർ പറയുന്തോറും അയാൾ കൂടുതൽ ഉൽക്കണ്ഠയുള്ളവനായി. മൂർ തുടർന്നു "താൻ ക്രിസ്തുവിന്റെ ക്രൂശിങ്കൽ എത്തിയപ്പോൾ തന്റെ ഭാരം ഉരുണ്ട് നീങ്ങിപ്പോയി. പാപത്തിന്റെയും തെറ്റുകളുടെയും ഉണർവ്വ് ഉൾബോധം ദൈവമുമ്പാകെ നിന്നും നീക്കപ്പെട്ടു. ഈ സമയം അയാളുടെ കവിളുകളിൽ കൂടി കണ്ണീർ ഒഴുകി. അയാൾ തലകുലുക്കി. **മൂർ ചോദിച്ചു: "നിങ്ങളുടെ ഹൃദയഭാരം നിങ്ങൾക്ക് ഇപ്പോൾ തോന്നുന്നുണ്ടോ"? അവർ ഒരുമിച്ച് പ്രാർത്ഥന കഴിച്ചു. അയാളുടെ മുഖത്ത് പുഞ്ചിരിയും ശാന്തതയും വിടർന്നു, മനോധൈര്യത്തോടെ അയാൾ തലയുയർത്തിപ്പറഞ്ഞു: "ഭാരങ്ങൽ നീങ്ങിപ്പോയി".**

അയാളുടെ ഭാരങ്ങൾ നീങ്ങിപ്പോയി എന്ന വാചകം മനസ്സിൽ നിന്നും പോയില്ല. രാത്രിയിൽ തീകാഞ്ഞുകൊണ്ടിരുന്നപ്പോൾ ഈ ഗാന വരികൾ ഉരുവാക്കുകയും അത് പേപ്പറിലേക്ക് പകർത്തുകയും ചെയ്തു. അതേ ഇരുപ്പിൽ തന്നെ സംഗീതവും പകർന്നു. മൂർ ഒരിക്കലും കരുതി യില്ല ഈ ഗാനം ലോകം മുഴുവൻ വ്യാപിക്കുമെന്നും ഒരിഷ്ടഗാന മായിത്തീരുമെന്നും വിചാരിച്ചില്ല.

ഈ ഗാനത്തിലൂടെ രക്ഷയുടെ അനുഭവത്തിലേക്കു വന്നവരുടെ സാക്ഷ്യങ്ങൾ കേൾക്കാൻ തുടങ്ങി. സ്കോട്ട്ലണ്ടിലെ ഒരു എളിയ കുടുംബത്തിൽ ജനിച്ച് ഭക്തയായ ഒരു പ്രാർത്ഥനാമാതാവിനാൽ വളർത്തപ്പെട്ട് 16-ാം വയസ്സിൽ മാനസാന്തരപ്പെട്ട് ഒരു എൻജിനിയരാ കാനുള്ള തയ്യാറെടുപ്പിലായെങ്കിലും ദൈവവിളി ബലപ്പെട്ട് ദൈവശുശ്രൂ ഷയ്ക്കായ് നിയോഗിക്കപ്പെട്ട് ബൈബിൾ കോളേജിൽ പഠിച്ച് നാവി കരുടെ ചാപ്പലിൽ ശുശ്രൂഷകനായി ഗ്ലാസ്ഗോയിൽ കഴിഞ്ഞു. 1985-ൽ കാനഡയിൽ ഒന്റാറിയോയിലെ ബാപ്ടിസ്റ്റ് സഭയിൽ ശുശ്രൂഷകനായി. "*Burdens are Lifted at Calvary*" എന്ന ഗാനം ജനങ്ങളുടെ ഇഷ്ട ഗാനമാണ്.

**"ഭാരങ്ങൾ കർത്തനിൽ അർപ്പിക്ക**
**കാൽവരിയിൽ, കാൽവരിയിൽ,**
**യേശു സമീപമാം"**

## CROSSED JORDAN TO BE WITH THE LORD

| | | |
|---|---|---|
| Family No 2283 | **Dr. N. K. S. Wilson**<br>A5, Madan Coil Lane,<br>Vellayambalam, Trivandrum<br>Died on : 16-05-2024 |  |
| Family No 293 | **Bennet Thomson**<br>YMR-18, YMR jn,<br>Trivandrum<br>Died on : 21-05-2024 |  |
| Family No 1294 | **Mathew Gainneos**<br>SFS Maithri, Kaavu Road,<br>Kuravankonam<br>Died on : 25-05-2024 |  |
| Family No 295 | **Leela Bai Rajayyan**<br>Leela Cottage, D91, Jayaprakash Lane,<br>Kudappanakunnu, TVM<br>Died on : 12-06-24 |  |
| Family No 931 | **Vidhu C. M.**<br>Stella Villa, Sreeveli Nagar,<br>Kaithamukku, TVM<br>Died on : 16-06-24 |  |

*“Blessed are the dead who die in the Lord henceforth, ‘Blessed indeed, says the spirit’ that thy may rest from their labours, for their deeds follow them! (Rev. 14:13)*

## CROSSWORD PUZZLE - 11

*Compiled by*

**PREMCHAND JOHNSON**




### Across

1. Land where Gulliver was washed ashore (8)
4. Captian .....of peter pan tale (4)
7. Cholestrol simplified(3)
9. Study of birds(11)
11. Sweat due to heat or physical exertion(8)
12. Largest hot desert (6)
13. Water vapour density in air(8)
15. Thank you in German(5)
16. Invisible rays discovered by Roentgen(4)
19. Opposite of plaintiff(8)

### Down

2. 'You lie on beds adorned with....' Amos. 6:4 (5)
3. "blow the trumpet in ......" Jer 6:1(5)
5. Largest single cell (10)
6. Hopping marsupial(8)
7. Body of an aircraft (8)
8. Obstacles for race track events(7)
9. 365 days(7)
10. Common stringed instrument (6)
14. Atmospheric condition of an area(7)
17. Sum up(3)
18. First one of the twelve tribes in Gen 49 (6)
20. 'Let it be so' or 'so it be' (4)

**Answers To Crossword 10** :

1) Venus 2) notification 3) sse 5) Vatican 6) image 7) Gehazi 8) perfume 9) lotus 10) teeth 11) potential 12) wine 12) white collar 13) cathode 14) alternating 15) mane 18) sushi 17) sos 18) lioness 19) vaccine 20) ark 21) led (clue no 4 is incorrect - regrets)

Winner of crossword 10 : Dr. Arvind Gilbert

NB : Find answers to this crossword puzzle in the next issue. Clues are both from the Bible and General Knowledge. **Whatsapp your answer to 9447018118**

## Senior Citizens', Fellowship
## Mateer Memorial C.S.I. Church, Trivandrum
# GRAND CLASSICAL CONCERT

Under the auspices of SCF, **a grand orchestral and choral music concert** will be held with the co-operation of leading choirs and India Youth Chamber Orchestra at 6.00 pm on Sunday the 4th August 2024 at T.J.M. Hall, L.M.S. Compound.

Rev. Dr. L.E. Sahanam, Former Presbyter-in-charge of M. M. Church will inaugurate the concert and Mr. David Anush, Vice-President, Dubai Islamic Bank will be the compere.

(Admission Free)

BIBLE QUIZ

Ajith Sen

We hope that all of you are carefully reading the Bible to find answers to the questions, which is the motive behind this Bible Quiz. This month's questions are from the Epistle written by Jude and the Revelation received by Apostle John 1-10. Kindly, read these eleven chapters before attempting the quiz. The reading portion contains writings by two people very close to Jesus, an epistle by a brother of Jesus and the revelation received by the disciple who was always leaning on the bosom of Jesus. Please substantiate your answers by stating references (verse) from the Bible. The questions are prepared from the New International Version (NIV) of the English Bible; kindly use that version to find the correct answers. For clarifications, refer the Malayalam translation of the questions. Submit your answers written in English or Malayalam before July 21st through email at churchvoicequiz@gmail.com

Those who are writing answers on paper, kindly use a single side to write the answers and write the name on the same side before taking the photo. After taking a photo make sure that the answers are readable before sending it. Email is the only mode of communication.

*The Bible Quiz can be downloaded every month using the URL https://drive.google.com/drive/folders/1pYmyeEtOmltbG8DehtPcI5SUSxux-6zs*
*You can also scan the QR code to go to the link.*

1. The Holy City, Jerusalem, coming down out of heaven from God had how many gates?
2. How many heads were there for the beast coming out of the sea?
3. What was the title written on the forehead of the woman who was dressed in purple and scarlet, and was glittering with gold, precious stones and pearls?
4. How many were standing on Mount Zion with the Lamb, who had His name and the His Father's name written on their foreheads?
5. Satan will be released from his prison after how many years?
6. How much time did it take to bring the great city to ruin?
7. The three evil spirits gathered the kings together in which place?
8. How many times do we see the word Hallelujah (meaning Praise the Lord) in the reading portion?
9. The tree of life, standing on each side of the river of the water of life, will bear how many crops of fruit?
10. For how many days will the two witnesses, who are the two olive trees and the two lampstands that stand before the Lord of the earth, prophesy?

*Read the instructions given above before submitting the answers. Those answers submitted without following the instructions will not be valued along with correct submissions.*
*Please do go through the answers published every month, because I often value the submitted answers based on context rather than exactness.*

The correct answers to the quiz from Jude and Revelation 1-10

1. After the fourth angel sounded his trumpet (Rev. 8:12,13)
2. The island of Patmos (Rev. 1:9)
3. To the church of Ephesus (Rev. 2:4)
4. Enoch (Jude 1:14)
5. 12,000 (Rev. 7:7)
6. The twenty-four elders (Rev. 4:10,11)
7. Pale horse that appeared when the fourth seal was opened (Rev. 6:7,8)
8. Two hundred million (Rev. 9:13-16)
9. Seven horns (Rev. 5:6)
10. New Jerusalem (Rev. 3:12)

List of people who had submitted the right answers to the quiz from Jude and Revelation 1-10

1. Sujana Satish
2. Meehal Godwin
3. J. Sumangala
4. Lalitha Jacob
5. Chandra John
6. Gladis J.
7. Nirmala Lal Jayakumar
8. Jolly David
9. Jothi Roberts
10. Nesakumari Davidson
11. Girly Rajesh John
12. Latha Job
13. Rajesh John Ross
14. Soben S. L.
15. Lilora P. R.
16. J. Mershika John
17. Anitha Kingsley

List of people who submitted answers with only one mistake : Dora Johnson

# ബൈബിൾ ക്വിസ്സ് - മലയാളം പരിഭാഷ

**ജൂലൈ 2024**

വെളിപ്പാട് 11–22

എല്ലാ മാസവും ഇംഗ്ലീഷിൽ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ വായിച്ചതിനുശേഷം ഉത്തരങ്ങൾ എഴുതുക. നിർദ്ദേശങ്ങൾ പാലിക്കപ്പെടാതെ സമർപ്പിക്കുന്ന ഉത്തരങ്ങൾ മറ്റുള്ളവയുടെ കൂടെ പരിഗണിക്കുകയില്ല.

1. സ്വർഗ്ഗത്തിൽനിന്നു, ദൈവസന്നിധിയിൽ നിന്നു തന്നേ, ദൈവതേജസ്സുള്ളതായി ഇറങ്ങുന്ന യെരൂശലേമെന്ന വിശുദ്ധനഗരത്തിനു എത്ര ഗോപുരം ഉണ്ടായിരുന്നു?
2. സമുദ്രത്തിൽ നിന്നു കയറുന്ന മൃഗത്തിനു എത്ര തല ഉണ്ടായിരുന്നു?
3. ധൂമ്രവർണ്ണവും കടുഞ്ചുവപ്പു നിറവും ഉള്ള വസ്ത്രം ധരിച്ചു പൊന്നും രത്നവും മുത്തും അണിഞ്ഞവളായി കണ്ട സ്ത്രീയുടെ നെറ്റിയിൽ എഴുതിയിരുന്ന നാമം എന്ത്?
4. സീയോൻ മലയിൽ കുഞ്ഞാടിനൊപ്പം നെറ്റിയിൽ അവന്റെ നാമവും പിതാവിന്റെ നാമവും എഴുതിയിരിക്കുന്ന എത്ര പേർ നില്ക്കുന്നതാണ് കണ്ടത്?
5. എത്ര ആണ്ട് കഴിയുമ്പോഴാണ് സാത്താനെ തടവിൽ നിന്നും അഴിച്ചു വിടുന്നത്?
6. മഹാനഗരം എത്ര നേരം കൊണ്ടാണ് നശിച്ചു പോയത്?
7. മൂന്നു അശുദ്ധാത്മാക്കൾ സർവഭൂതലത്തിലും ഉള്ള രാജാക്കന്മാരെ എവിടെയാണ് കൂട്ടിച്ചേർത്തത്?
8. വായനാഭാഗത്ത് ഹല്ലെലൂയാ എന്ന പദം എത്ര പ്രാവശ്യമാണ് കാണുന്നത്?
9. ജീവജലനദിയുടെ അക്കരെയും ഇക്കരെയും ഉള്ള ജീവവൃക്ഷത്തിൽ എത്ര വിധം ഫലം കായിക്കും?
10. ഭൂമിയുടെ കർത്താവിന്റെ സന്നിധിയിൽ നിലക്കുന്ന രണ്ടു ഒലീവ് വൃക്ഷവും രണ്ടു നിലവിളക്കും ആകുന്ന രണ്ടു സാക്ഷികൾ എത്ര ദിവസമാണ് പ്രവചിക്കുന്നത്?

# പ്രതീക്ഷയുടെ സന്ദേശം!

അമേരിക്കയിലെ ലോസ് ആഞ്ചലസിൽ യുവാക്കൾക്കുവേണ്ടിയുള്ള ഒരു വലിയ കോൺഫ്രൻസ്. പല സ്റ്റേറ്റുകളിൽ നിന്നായി ആയിരക്കണക്കിന് ആളുകൾ - യുവാക്കൾ എത്തിച്ചേർന്നിട്ടുണ്ട്. അവരുമായി കൂടിക്കാഴ്ചയ്ക്ക് എത്തിയിരിക്കുന്നത് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയാണ്. അദ്ദേഹത്തെ സ്വീകരിച്ച് വേദിയിലിരുത്തി. പക്ഷേ മാർപ്പാപ്പയ്ക്ക് അവർ കൊടുക്കുവാനുദ്ദേശിച്ച വലിയ ഉപഹാരം വ്യത്യസ്തമായിരുന്നു. ആ സമ്മാനത്തെ ഇതാ എന്നു പറഞ്ഞു കൊണ്ട് വേദിയുടെ മറ്റൊരു വശത്ത് പാപ്പാ കാണത്തക്കവണ്ണം ഒരു കർട്ടനുയർന്നു. അവിടെ നിന്നും ഉയർന്ന സംഗീതം എല്ലാവരെയും നിശബ്ദരാക്കി.

എല്ലാവരും വേദിയിലേക്ക് അത്ഭുതസ്തബ്ധരായി നോക്കിനിന്നു. ഒരു യുവാവ് കസേരയിലിരുന്നു കാലുകൊണ്ട് ഗിത്താർ വായിക്കുന്നു. പാടുന്നു. എല്ലാവരും മാർപ്പാപ്പയോടൊപ്പം കയ്യടിച്ചു. അതാണ് ടോണി മെലന്റസ്. രണ്ട് കൈകളും നഷ്ടമായിട്ടും സംഗീതത്തോടുള്ള ഇഷ്ടം കൊണ്ട് അയാൾ കാലുകൊണ്ട് ഗിറ്റാർ വായിക്കാൻ പഠിച്ചു. പാട്ട് കേട്ടശേഷം മാർപ്പാപ്പ സ്വന്തം ഇരിപ്പിടത്തിൽനിന്നും എഴുന്നേറ്റ് ടോണിയുടെ അടുത്തെത്തി. പതിനായിരങ്ങളെ സാക്ഷിനിർത്തി അയാളെ ആലിംഗനം ചെയ്തുകൊണ്ട് പറഞ്ഞു: **"ടോണി നീ ഞങ്ങൾക്ക് പ്രതീക്ഷയുടെ സന്ദേശമാണ്. നിന്റെ കാലുകൾ ഈ പ്രതീക്ഷ ലോകം മുഴുവൻ പരത്തട്ടെ".** ഇതിൽ കൂടുതൽ എന്ത് അംഗീകാരമാണ് വേണ്ടത്? അനേകർക്ക് നിരാശയുടെ നടുവിൽ ടോണി മെലന്റസ് പ്രതീക്ഷ നൽകുന്നു. വെല്ലുവിളികൾ ഏറ്റെടുക്കുമ്പോൾ അവസരങ്ങളും പ്രതീക്ഷകളും നമ്മോടൊപ്പം വരും. അത് മറ്റുള്ളവർക്ക് ധൈര്യവും ആത്മവിശ്വാസവും പ്രദാനം ചെയ്യും.

# 186$^{th}$ Congregation Day



# 186th Congregation Day













